ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) 2004-05 വർഷത്തിൽ 220 ഇനം മരുന്നുകളെ ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് നിരോധിക്കപ്പെടുന്ന മരുന്നുകളുടെ വിവരങ്ങൾ പത്രമാധ്യമങ്ങൾ വഴിയും, ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണത്തിലൂടെയും കൃത്യമായി അറിയിച്ചുവരുന്നു. കൂടാതെ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ, ഔഷധ വ്യാപാരികളുടെ സംഘടന എന്നിവയേയും അറിയിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി) ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കപ്പെടുന്ന മരുന്നുകളുടെ വിശദാംശങ്ങൾ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരേയും, ഡ്രഗ്സ് ഇൻസ്പെക്ടർമാരേയും അറിയിക്കുകയും അവർ പ്രസ്തുത ഔഷധങ്ങൾ മാർക്കറ്റിൽ വിൽക്കപ്പെടുന്നില്ല എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ ഔഷധ നിർമ്മാതാക്കളോട് ഗുണനിലവാരമില്ലാത്ത മരുന്നുകൾ മാർക്കറ്റിൽ നിന്നും തിരിച്ച് വിളിക്കാനും ആവശ്യപ്പെടാറുണ്ട്.

ഗ്രാമ പഞ്ചായത്ത് വിഭജനം

15 [*162] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

„ ലൂഡി ലൂയിസ് :

„ ജി. കാർത്തികേയൻ :

„ വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2001-ലെ സെൻസസ് കണക്കനുസരിച്ച് അൻപതിനായിരം പേരിൽ കുറവുള്ള എത്ര നഗരസഭകളുണ്ട് ;

(ബി) നിലവിൽ മുനിസിപ്പൽ നഗരങ്ങളേക്കാൾ കൂടുതൽ ജനസംഖ്യയുള്ള എത്ര ഗ്രാമ പഞ്ചായത്തുകൾ ഉണ്ട് ;

(സി) സംസ്ഥാനത്ത് നിലവിലുള്ള എത്ര ഗ്രാമപഞ്ചായത്തുകളെ വിഭജിക്കാനു ദ്ദേശിക്കുന്നുണ്ട് ;

(ഡി) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി) :

(എ) 30 നഗരസഭകൾ

(ബി) സംസ്ഥാനത്ത് ഏറ്റവും കുറവ് ജനസംഖ്യയുള്ള മുനിസിപ്പൽ നഗരമായ ഗുരുവായൂരിലെ ജനസംഖ്യ 21186 ആണ്. ഇതിനെക്കാൾ ജനസംഖ്യയുള്ള 693 ഗ്രാമ പഞ്ചായത്തുകൾ ഉണ്ട് ;

(സി) & (ഡി) 50,000-ൽ കൂടുതൽ ജനസംഖ്യ ഉള്ളതും 30 സ്ക്വയർ കി. മീറ്ററിനു മേൽ വിസ്തൃതി ഉള്ളതും പ്രവർത്തനത്തിന് ആവശ്യമായ തനതുഫണ്ട് സ്വരൂപിക്കാൻ കഴിവുള്ളതുമായ 9 പഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഭരണഭാഷ മലയാളമാക്കാൻ നടപടി

16 [*163] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിലേക്ക് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലാടിസ്ഥാനത്തിലും വകുപ്പുതലത്തിലും സാർവ്വത്രികമായി ഭരണഭാഷ മലയാളമാക്കുന്നതിലേക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഭരണ ഭാഷ മലയാളം എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ നയം നടപ്പിലാക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു :

(1) വിവിധ വകുപ്പുകളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കിയതു സംബന്ധിച്ച് സർക്കാരിന്റെ 68 വകുപ്പുകളിലും സെക്രട്ടറിയേറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, കേരള വനിതാ കമ്മിഷൻ, കേരള പിന്നോക്ക വിഭാഗ കമ്മിഷൻ, ലോകായുക്ത ഓംബുഡ്സ്മാൻ എന്നിവിടങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം 1) †

(2) ഏഴ് വകുപ്പുകളിലെ ഭരണഭാഷാമാറ്റം. മലയാളം ഔദ്യോഗിക ഭാഷയായി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 68 വകുപ്പുകളിൽ ഉൾപ്പെടുന്ന റവന്യൂ, പഞ്ചായത്ത്, ഗ്രാമവികസനം, സാമൂഹികക്ഷേമം, സഹകരണം, പോലീസ്, വിജിലൻസ് എന്നീ ഏഴ് വകുപ്പുകളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന പരിരക്ഷ നിലനിർത്തിക്കൊണ്ട് നൂറു ശതമാനം ഭാഷാ മാറ്റം കൈവരിക്കത്തക്കവിധം ആ വകുപ്പുകളിൽ ഒരു തീവ്രയത്ന പരിപാടി ആവിഷ്കരിച്ചു നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവയിൽ റവന്യൂ, പഞ്ചായത്ത്, ഗ്രാമവികസനം, സാമൂഹികക്ഷേമം, സഹകരണം എന്നീ വകുപ്പുകളിൽ 90 ശതമാനത്തിനേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly